നമ്പർ. ബി1/10169/റ്റി.സി/2008

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
ട്രാൻസ് ടവേഴ്സ്,തിരുവനന്തപുരം
തീയതി: 03.09.2010

## സർക്കുലർ 7/2010

വിഷയം : മോട്ടോർ വാഹന വകുപ്പ് – നികുതി സ്വീകരിക്കുന്ന കൗണ്ടർ പ്രവർത്തനം - ടോക്കൺ സമ്പ്രദായം നടപ്പിലാക്കുന്നത് – സംബന്ധിച്ച്

സൂചന :

1. സർക്കുലർ 13/98 തീയതി 28.05.1998
2. സർക്കുലർ 25/03 തീയതി 04.07.2003
3. സർക്കുലർ 07/08 തീയതി 24.03.2008
4. സർക്കുലർ 22/08 തീയതി 24.09.2008
5. 12.07.2009 ലെ ഈ ഓഫീസിലെ സി1/1227/റ്റി.സി/07 നമ്പർ കത്ത്.
6. സർക്കുലർ 08/2009 തീയതി 15.07.2009
7. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള 28/08/2010-ലെ ജി5/9729/റ്റി.സി/2010 നമ്പർ യു.ഒ നോട്ട്

സൂചന (6) ൽ പരാമർശിച്ചിരിക്കുന്ന സർക്കുലർ പ്രകാരം എല്ലാത്തരം ട്രാൻസ്പോർട്ട് വാഹനങ്ങളുടെയും ടാക്സ് സ്വീകരിക്കാനുള്ള സമയം കേരള മോട്ടോർ വെഹിക്കിൾ ടാക്സേഷൻ റൂൾസിൽ പറഞ്ഞിട്ടുള്ള ഗ്രേസ് പിരീഡിന്റെ അവസാനത്തെ മൂന്ന് ദിവസം ഉച്ചയ്ക്ക് ശേഷം 3 മണിവരെ ദീർഘിപ്പിച്ചിരുന്നു. എന്നാൽ ഗ്രേസ് പിരീഡ് അവസാനിക്കുന്ന ദിവസങ്ങളിൽ റീജിയണൽ ട്രാൻസ്പോർട്ട് /ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ ടാക്സ് ഒടുക്കുന്നതിന് തിരക്കുള്ളതായും കൗണ്ടർ സമയം കഴിഞ്ഞതിന് ശേഷവും ഓഫീസുകളിൽ ടാക്സ് അടയ്ക്കുന്നതിനായി പൊതുജനങ്ങൾ ക്യൂ നിൽക്കാറുണ്ടെന്നും പല ഓഫീസുകളിലും മൂന്ന് മണി സമയത്ത് ക്യൂ നിൽക്കുന്നവരുടെ ടാക്സ് സ്വീകരിക്കാതെ കൗണ്ടർ ക്ലോസ് ചെയ്യുന്നുണ്ടെന്നും അതിനാൽ അടുത്ത ദിവസം

പൊതുജനങ്ങൾക്ക് അഡീഷണൽ ടാക്സിനും കൂടി ഡിമാന്റ് ഡ്രാഫ്റ്റ് എടുത്ത് ടാക്സ് അടയ്ക്കേണ്ടതായി വരുന്നുണ്ടെന്നുമുള്ള പരാതികൾ ഈ ഓഫീസിൽ ലഭിക്കുകയുണ്ടായി. സൂചന 7 പ്രകാരം വിജിലൻസ് വകുപ്പ് തന്നിട്ടുള്ള റിപ്പോർട്ടിൽ ഗ്രേസ് പിരീഡിന്റെ അവസാനദിവസം നിർദ്ദിഷ്ട സമയത്തിനുശേഷവും ടാക്സ് എടുത്തുതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും അതിലൂടെ സർക്കാരിന് ലഭിക്കേണ്ടുന്ന അധികനികുതി നഷ്ടപ്പെടുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഇതിനൊരു പരിഹാരമെന്ന നിലയിൽ മേൽ പറഞ്ഞ വാഹനങ്ങളുടെ ഗ്രേസ് പിരീഡ് അവസാനിക്കുന്ന ദിവസം മൂന്ന് മണി സമയത്ത് ക്യൂവിൽ അവശേഷിക്കുന്ന പൊതുജനങ്ങളുടെ ടാക്സ് സ്വീകരിക്കുന്നതിനായി അവർക്ക് ക്യൂവിൽ മാറ്റം വരുത്താതെ ക്യൂവിന്റെ അവസാനം വരെയുള്ളവർക്ക് ടോക്കൺ നൽകേണ്ടതും അതനുസരിച്ച് ടോക്കൺ ലഭിച്ചവരിൽ നിന്നും ടോക്കൺ നമ്പർ വിളിച്ച് ടാക്സ് സ്വീകരിക്കേണ്ടതും അവസാന ടോക്കൺ നമ്പർ സ്വീകരിച്ചയുടൻ തന്നെ കൗണ്ടർ ക്ലോസ് ചെയ്യേണ്ടതുമാണ്. ഇതിനാവശ്യമായ ടോക്കണുകൾ ഓഫീസുകളിൽ തയ്യാറാക്കി വയ്ക്കേണ്ടതുമാണെന്ന് ഇതിനാൽ നിർദ്ദേശിച്ചുകൊള്ളുന്നു.

ഒപ്പ്
ട്രാൻസ്പോർട്ട് കമ്മീഷണർ

അംഗീകാരത്തോടെ

28/05/16

സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ (ടാക്സേഷൻ)

സ്വീകർത്താവ്

25/5/16

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും,
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും.

പകർപ്പ് : ഈ ഓഫീസിലെ എല്ലാ ഉദ്യോഗസ്ഥർക്കും അറിവിലേക്കായി